പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 165* 01/02/2018 ൽ മറുപടിക്ക്

## വിജിലൻസ് സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ്.പി.കുന്നപ്പിള്ളിൽ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിജിലൻസ് സംവിധാനത്തെ സ്വതന്ത്ര അധികാരത്തോടുകൂടി പരിഷ്കരിക്കണമെന്ന കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടത് അത്യാവശ്യമാണെന്ന് ബഹു.ഹൈക്കോടതി പരാമർശിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (ബി) | സർക്കാർ സംവിധാനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും അഴിമതി വർദ്ധിച്ചുവരുന്നതും അത് നിയന്ത്രിക്കുന്നതിനുള്ള വിജിലൻസ് സംവിധാനം ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലായെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രധാനപ്പെട്ട തസ്തികകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസോ അന്വേഷണമോ ഉണ്ടോ എന്ന് അവരെ നിയമിക്കുന്നതിനു മുൻപ് പരിശോധിക്കാറുണ്ടോ; | (സി) & (ഡി) & (ഇ) | നിലവിലുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രധാനപ്പെട്ട തസ്തികകളിലേക്ക് നിയമനം നൽകുന്നതിന് വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കി പരിശോധിക്കാറുണ്ട്. |
| (ഡി) | ഇത്തരത്തിലുള്ള മുൻകൂർ വിജിലൻസ് ക്ലിയറൻസ് ഇല്ലാതെയാണ് പല നിയമനങ്ങളും നടത്തുന്നത് എന്നത് ശരിയാണോ ; | | |
| (ഇ) | എങ്കിൽ ഇത്തരം നിയമനങ്ങളിൽ വിജിലൻസ് ഇടപെടാറുണ്ടോ; ഏതെങ്കിലും നിയമനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് ഇടപെട്ട് റദ്ദാക്കിയിട്ടുണ്ടോ; | | |
| (എഫ്) | വിജിലൻസ് മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | വിജിലൻസ് മാന്വൽ പരിഷ്കരിക്കുന്നതിനു പകരം 2001 ന് ശേഷം പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, കോടതി വിധികൾ എന്നിവ കൂട്ടിച്ചേർത്ത് അച്ചടിക്കുന്നതിനാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ